ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ട്.

(ബി) ശ്രീ. വി. നരസിംഗംഅയ്യങ്കാർ (പ്രസിഡൻറ്).

ശ്രീ. ഗുഡർലാൽ അമൃതലാൽ മാനേജിംഗ് ഡയറക്ടർ എ. ഡി. കോട്ടൺ മിൽ കൊല്ലം (മാനേജ്മെൻറിന്റെ പ്രതിനിധി).

ശ്രീ. എൻ. ശ്രീകണ്ഠൻനായർ, പ്രസിഡണ്ട് കയറിലോൺ ടെക്സ്റ്റയിൽ വർക്കേഴ്സ് യൂണിയൻ കൊല്ലം തൊഴിലാളികളുടെ പ്രതിനിധി.

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ ഉള്ളടക്കം ഗവൺമെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ട് അതേപ്പറ്റി ഇപ്പോൾ പ്രസ്താവിക്കുവാൻ നിവൃത്തിയില്ല.

INDUSTRIAL LOANS

234. [7] **Sri. A. K. George :** Will the Hon'ble Minister for Industries and Excise be pleased to state.—

(*a*) how many private companies are given industrial loans by the Government in the year 1122, 1123, 1124 and 1125 ;

(*b*) were the terms of those contracts different ;

(*c*) has the Government realised any amount from any such company ; and

(*d*) if so how much and from whom ?

Sri. N. Kunjumaran:

(*a*) Six.

(*b*) Yes

(*c*) Yes.

(*d*) Rs. 34,500 from the Saw Mills and Industries Ltd., Trichur.

ഇലക്ട്രിക് ലൈൻ

൨൯൪. (ശ്രീ) ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പബ്ലിക് വർക്കസ് ആൻഡ് ടാൻസ്പോർട്ടവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കായംകുളം ടൌണിന്റെ അതൃത്തിയിൽനിന്നും കീരിക്കാട്ട ബോട്ടുജട്ടിവരെ ഇലക്ട്രിക് ലൈൻ നീട്ടിക്കിട്ടണമെന്ന ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു പറയുമോ?

ശ്രീ. ഇ. ജോൺ പിലിപ്പോസ് :

ഉവ്. കായംകുളം ടൌൺ അതൃത്തിയിൽനിന്ന് പുല്ലുകുളങ്ങരക്ഷേത്രം വരെ ലൈൻ നീട്ടുവാനുള്ള പണി ഉടനെതന്നെ ചെയ്തുതീർക്കുന്നതാണ്. അതിനെ തുടർന്ന കീരിക്കാട്ടബോട്ടുജട്ടിവരെ ലൈൻ നീട്ടുന്ന കാര്യം പിന്നീട് ആലോചിക്കുന്നതാണ്.

എക്സൈസ് ഗാർഡറന്മാരുടെ പിരിച്ചുവിടൽ

൨൯൫. (ശ്രീ) ശ്രീ. കെ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൪-ൽ എക്സൈസു ഡിപ്പാർട്ട്മെണ്ടിൽനിന്നും എത്ര ഗാർഡറന്മാരെ പിരിച്ചുവിട്ടു എന്നു പറയുമോ ;

(ബി) പിരിച്ചുവിട്ടവരെ ഏതെങ്കിലും ഇതിനകം മറ്റുദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരെയെന്നു പറയുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ൧൭ ഗാർഡറന്മാരെ തിരുവിതാംകൂറിൽനിന്നും ൪൫ എക്സൈസ് ശിപായിമാരെ കൊച്ചിയിൽനിന്നും ൧൯൫൪-ൽ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) പിരിച്ചുവിട്ടവരിൽ ൧൭ പേരെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ നിയമിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly